**കേരള സർക്കാർ**

**തദ്ദേശസ്വയംഭരണ(ഡി.ബി)വകുപ്പ്**

നം.37176/ഡി.ബി1/2010/തസ്വഭവ തിരുവനന്തപുരം, തീയതി: 10.06.2010

# സർക്കുലർ

വിഷയം:– തദ്ദേശസ്വയം ഭരണ വകുപ്പ് – ഇ.എം.എസ് ഭവന പദ്ധതി – ബാങ്ക് വായ്പ ഐ.എ.വൈ പദ്ധതിക്ക് വിനിയോഗിക്കുന്നത് – സംബന്ധിച്ച്

സൂചന:–
1. സ.ഉ.(എം.എസ്)നം.207/2010/തസ്വഭവ; തീയതി 07.11.2009
2. സർക്കുലർ നം. 27137/ഡി.ഡി.1/2010 തസ്വഭവ; തീയതി 14.05.2010

ഇ.എം.എസ് ഭവന പദ്ധതി നടപ്പാക്കുവാൻ ത്രിതല പഞ്ചായത്തുകൾ എടുക്കുന്ന ബാങ്ക് വായ്പയിൽ നിന്ന് ഐ.എ.വൈ. പദ്ധതിയുടെ അധിക വിഹിതം നൽകുന്നത് സംബന്ധിച്ചും ഐ.എ.വൈ പദ്ധതിയുടെ ഗുണഭോക്താക്കളെ നിശ്ചയിക്കുന്നത് സംബന്ധിച്ചും സർക്കാർ ചുവടെ പ്രതിപാദിക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

(1) ഐ.എ.വൈ പദ്ധതിയുടെ അധികവിഹിതം 25:50:25 എന്ന അനുപാതത്തിൽ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ വികസനഫണ്ട് വിഹിതത്തിൽ നിന്നും കണ്ടെത്താൻ കഴിയുന്നില്ലെങ്കിൽ കുറവുള്ള തുക ഇ.എം.എസ്. ഭവന പദ്ധതി നടപ്പാക്കുന്നതിനായി ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ എടുക്കുന്ന ബാങ്ക് വായ്പയിൽ നിന്നും നൽകാവുന്നതാണ്.

(2) ഇ.എം.എസ് സമ്പൂർണ്ണ ഭവന പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി അർഹതാ പരിശോധന നടത്തി അംഗീകരിച്ച ലിസ്റ്റിലെ പട്ടികജാതി/പട്ടികവർഗ ഗുണഭോക്താക്കളെ പൂർണ്ണമായും ഐ.എ.വൈ. പദ്ധതിയിൽപ്പെടുത്തുന്ന സമീപനമായിരിക്കണം സ്വീകരിക്കേണ്ടത്. ഐ.എ.വൈ പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് സൂചന 2 പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പൊതുവിഭാഗം, പട്ടികജാതി, പട്ടികവർഗം എന്നിങ്ങനെ ഓരോ വിഭാഗത്തിലെയും ഐ.എ.വൈ. പദ്ധതിയുടെ ഗ്രാമപഞ്ചായത്ത് തിരിച്ചുള്ള ഭൗതികലക്ഷ്യം നിശ്ചയിച്ച് ദാരിദ്ര്യലഘൂകരണ യൂണിറ്റ് പ്രോജക്ട് ഡയറക്ടർ ഗ്രാമപഞ്ചായത്തുകളെ അറിയിക്കുന്നതാണ്. പരമാവധി പട്ടികജാതി/ പട്ടികവർഗ ഗുണഭോക്താക്കളെ ഐ.എ.വൈ പദ്ധതിയിൽപ്പെടുത്തുന്നതിനുവേണ്ടി പൊതു വിഭാഗങ്ങൾക്കായി നിശ്ചയിച്ചിട്ടുള്ള ഭൗതികലക്ഷ്യത്തിന് പകരമായും പട്ടികജാതി/ പട്ടികവർഗ ഗുണഭോക്താക്കളെ നിർദ്ദേശിക്കാവുന്നതാണ്. പട്ടികജാതി/പട്ടികവർഗ വിഭാഗങ്ങൾക്ക് വേണ്ട അധിക വിഹിതം നൽകുന്നതിന് മതിയായ തുക പ്രത്യേക ഘടക പദ്ധതി/പട്ടികവർഗ ഉപപദ്ധതി വിഹിതത്തിൽ ലഭ്യമല്ലെങ്കിൽ പട്ടികജാതി/പട്ടികവർഗ വികസന വകുപ്പിന്റെ കോർപ്പസ്ഫണ്ട്/ പൂൾഡ് ഫണ്ടിൽ നിന്നും വിഹിതം ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കി സൂചന 2–ലെ സർക്കുലറിന്റെ ഖണ്ഡിക 4–ൽ നിർദ്ദേശിച്ചിട്ടുള്ളത് പ്രകാരം ദാരിദ്ര്യലഘൂകരണ യൂണിറ്റ് പ്രോജക്ട് ഡയറക്ടർക്ക് നൽകേണ്ടതാണ്.

**എസ്.എം.വിജയാനന്ദ്**
പ്രിൻസിപ്പൽ സെക്രട്ടറി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**

1 എല്ലാ ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2 എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
3 എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4 എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും
5 എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
6 എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും
7 സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
8 മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം
9 പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
10 ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
11 ഡയറക്ടർ, കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
12 നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
13 ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ്, കൊട്ടാരക്കര
14 എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
15 എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
16 ചീഫ് എൻജിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്
17 എല്ലാ ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിമാർക്കും (ജില്ലാ കളക്ടർമാർ)
18 എല്ലാ ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് പ്രോജക്ട് ഡയറക്ടർമാർക്കും
19 എല്ലാ കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും
20 എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
21 എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
22 എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ(ജനറൽ)മാർക്കും
23 എല്ലാ നഗരകാര്യ മേഖലാജോയിന്റ് ഡയറക്ടർമാക്കും
24 ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
25 സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
26 ജനറൽ സെക്രട്ടറി, കേരളാഗ്രാമപഞ്ചായത്ത് അസോസിയേഷൻ
27 സെക്രട്ടറി, കേരളാബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
28 സെക്രട്ടറി, മുൻസിപ്പൽ ചെയർമാൻമാരുടെ ചേമ്പർ
29 സെക്രട്ടറി, ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേമ്പർ
30 അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
31 ഓഫീസ് കോപ്പി/കരുതൽ ഫയൽ

പകർപ്പ്:-

1. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശസ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എ.ക്ക്
3. തദ്ദേശസ്വയംഭരണ ഡി.എ/ഡി.സി/ഡി.ഡി/എഫ്.എം. സെക്ഷനുകൾക്ക്